

ബഥാനിയ

"അവൻ അവരെ ബഥാനിയാ വരെ കൂട്ടിക്കൊണ്ടുപോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു" (ലൂക്കാ. 24, 50)

BETHANIA RENEWAL CENTRE, PULLOORAMPARA, KOZHIKODE - 673 603

കാരുണ്യത്തിന്റെ നോമ്പാചരണം

ഫാ. ജോർജ്ജ് മുണ്ടനാട്ട്
(ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം)

ഫ്രാൻസീസ് മാർപാപ്പാ കാരുണ്യത്തിന്റെ മുഖം എന്ന തന്റെ പ്രബോധന രേഖയിൽ ഇപ്രകാരം സൂചിപ്പിക്കുന്നുണ്ട്. "ദൈവകാരുണ്യം ആഘോഷിക്കാനും അനുഭവിക്കാനുമുള്ള ഒരു സവിശേഷസമയം എന്ന നിലയിൽ, ഈ ജൂബിലിവർഷത്തിലെ നോമ്പുകാലം കൂടുതൽ തീവ്രമായി ജീവിക്കേണ്ടതാണ്". എല്ലാ വർഷത്തേയും നോമ്പാചരണത്തേക്കാൾ തീവ്രമായി ഈ നോമ്പാചരിക്കുവാനാണ് പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നത്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണാമയമായ തിരുമുഖം കണ്ടെത്താൻ ഈ നോമ്പുകാലം കാരണമാകണമെന്നും തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മടങ്ങിവരവിന് വഴിയൊരുക്കപ്പെടണമെന്നും ഈശോ ആഗ്രഹിക്കുന്നുണ്ട്.

നോമ്പുകാലം തീവ്രമായ പ്രാർത്ഥനയുടേതാണ്. തീക്ഷ്ണമായ ഉപവാസത്തിന്റേയും കാരുണ്യപ്രവൃത്തികളുടെയും അവസരമാണ്. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും, നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവന രഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്. അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ടവേളകൾ മദ്ധ്യാഹ്നം പോലെയാകും. കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചുവളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെ നീ ആകും" (ഏശയ്യ 58/6-11).

ഈ വചനം യഥാർത്ഥ നോമ്പും ഉപവാസവും എന്താണെന്നും അതിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ എന്തൊക്കെയാണെന്നും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

എനിക്ക് നോമ്പില്ല

ഈ കാലഘട്ടത്തിൽ പലരും പറഞ്ഞുകേൾക്കുന്ന ഒന്നാണിത്. 'എനിക്ക് നോമ്പില്ല' അങ്ങനെ നമുക്ക് നോമ്പെടുക്കാതിരിക്കാനാവുമോ?. നോമ്പിന്റെ അർത്ഥമെന്താണ്? തിരുസ്സഭ അതിലൂടെ ആഗ്രഹിക്കുന്നതെന്താണ്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചാൽ മാത്രമേ ആഗ്രഹത്തോടും തീക്ഷ്ണതയോടും കൂടി തിരുസ്സഭയോട് ചേർന്ന് നോമ്പിന്റേയും പ്രായശ്ചിത്തത്തിന്റേയും അരൂപി സ്വന്തമാക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

വി. പൗലോസ് ശ്ലീഹായിലൂടെ കർത്താവ് നമ്മോട് പറയുന്നത് നോക്കുക. "സഭ ക്രിസ്തുവിന്റെ ശരീരമാണ്" (എഫേ 1/23. "ക്രിസ്തു സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്" (കൊളോ 1/18). "നമ്മൾ ഓരോരുത്തരും ഈ ശരീരത്തിലെ അവയവങ്ങളാണ്" (1 കൊറി 12/27)

നമ്മെക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടെങ്കിലേ നോമ്പാചരിക്കാനാവൂ. സഭ ക്രിസ്തുവിന്റെ ശരീരവും നമ്മൾ ഓരോരുത്തരും അവയവങ്ങളുമാണ്. ഈ ശരീരത്തിലെ അവയവങ്ങളായ എനിക്കും, നിനക്കും ഈ ശരീരത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി അദ്ധ്വാനിക്കാതിരിക്കാനാവില്ലല്ലോ. ഈ അധ്വാനവും പരിത്യാഗവും പ്രായശ്ചിത്ത പ്രവൃത്തികളുമാണ് യഥാർത്ഥത്തിൽ നോമ്പ്. 'എനിക്ക് നോമ്പില്ല' എന്ന് പറയുന്നവർ സത്യത്തിൽ ഈ ശരീരത്തിലെ അവയവങ്ങളാണ് തങ്ങളെന്ന ബോധ്യമില്ലാത്തവരാണ്.

ക്രിസ്തുവിന്റെ ഭൗതീക ശരീരമായ സഭ നോമ്പിലൂടെയും, ഉപവാസത്തിലൂടെയും, പ്രായശ്ചിത്ത പരിഹാര പ്രവൃത്തികളിലൂടെയും, കാരുണ്യത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തീക്ഷ്ണമായി പ്രാർത്ഥിക്കുന്ന കാലഘട്ടമാണ് നോമ്പ്. ആ പരിഹാരപ്രവൃത്തികളിൽ നിന്നും മാറിനില്ക്കുവാൻ നമുക്കാർക്കും കഴിയുകയില്ല എന്നതാണ് സത്യം.

നോമ്പ് മാനസാന്തരമാണ്

സ്നാപകയോഹന്നാന്റെ വാക്കുകളിൽ 'കർത്താവിന്റെ വഴി ഒരുക്കലാണത്' 'വളഞ്ഞ വഴികൾ നേരെയാക്കലാണത്' ദൈവത്തിന്റെ രക്ഷ കാണുവാൻ കഴിയുന്ന അവസരമാണത്. (ലൂക്ക 3/4-6).

നിയോഗം വച്ചുള്ള ഏത് ത്യാഗപ്രവൃത്തിക്കും പ്രതിഫലമുണ്ട്. സഭയുടെ നിർദ്ദേശപ്രകാരമല്ലാതെ വ്യക്തിപരമായി നിയോഗംവച്ച് ഉപവസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്ന എത്രയോ സഹോദരങ്ങളുണ്ട്. മാനസാന്തരത്തിന്റെ വഴിയിലൂടെ ദൈവത്തിന്റെ രക്ഷ അനുഭവിച്ചറിയുവാൻ കഴിഞ്ഞവരുണ്ട്.

ഒരിക്കൽ ഒരമ്മ പറഞ്ഞതോർക്കുന്നു. അവളുടെ മൂത്തമകൻ 6 വർഷത്തോളമായി കൂദാശാജീവിതമില്ലാതെ ജീവിക്കുന്നു. കേരളത്തിന് പുറത്ത് പോയി പഠിക്കുവാൻ ആരംഭിച്ചു. പഠനവും പൂർത്തിയാക്കിയില്ല, ഉണ്ടായിരുന്ന വിശ്വാസവും നഷ്ടപ്പെട്ടു. ഈ വിവരം അറിഞ്ഞ അന്നുമുതൽ ആ അമ്മ മത്സ്യവും മാംസവും ഉപേക്ഷിച്ചു. എല്ലാ

-ശേഷം പേജ് 2-

1-ാം പേജ് തുടർച്ച -

വെള്ളിയാഴ്ചയും ഉപവാസം. സാധിക്കുന്ന ദിവസങ്ങളിലെല്ലാം പള്ളിയിൽ പോയി പ്രാർത്ഥിച്ചു. നേരിട്ട അപമാനങ്ങളും സഹനങ്ങളും മകന്റെ മാനസാന്തരത്തിനായി കാഴ്ച വച്ചു. നീണ്ട 3 വർഷങ്ങളുടെ കാത്തിരിപ്പിന് ഫലമുണ്ടായി. മകൻ മാനസാന്തരപ്പെട്ടു എന്നു മാത്രമല്ല, കർത്താവിന്റെ പുരോഹിതനായി ഇന്ന് തീക്ഷ്ണമായി ശുശ്രൂഷ ചെയ്യുന്നു. ഒരമ്മയുടെ ത്യാഗം ഒരു വ്യക്തിയുടെ ജീവിതത്തിൽ വരുത്തിയ മാറ്റം എത്രയോ വലുതാണ്. വി. അഗസ്റ്റിന്റെ അമ്മ മോനിക്കാ പുണ്യവതിയുടെയും ചരിത്രം ഇതു തന്നെയല്ലേ നമ്മെ ഓർമ്മിപ്പിക്കുന്നത്. ജീവിതത്തിലെ ഏത് പരിത്യാഗത്തിനും ഫലമുണ്ടാകും. നിയോഗം വച്ച് പ്രാർത്ഥിക്കുമ്പോൾ കർത്താവ് ഇടപെടും. ത്യാഗമെടുക്കാൻ നമുക്ക് ദൈവം തരുന്ന അവസരമാണ് നോമ്പ്. അതിൽനിന്ന് മാറി നിൽക്കുകയല്ല, മറിച്ച് പ്രാർത്ഥനാപൂർവ്വം പങ്കുചേരുകയാണ് സഭാത്മക ജീവിതത്തിന്റെ സവിശേഷത.

നോമ്പ് തിരിച്ചറിവാണ്

കടന്നുപോകുന്ന ഈ ലോക ജീവിതത്തെക്കുറിച്ചുള്ള തിരച്ചറിവാണ് നോമ്പുകാലം നമുക്ക് നൽകുന്നത്. "മനുഷ്യജീവിതം- നമ്മുടെ ജീവിതം പുൽക്കൊടിക്ക് തുല്യമാണ്" എന്നും നശ്വരമായ ഈ ജീവിതത്തിന്റെ അപ്പുറത്തേക്ക് അനശ്വരമായ ഒരു ജീവിതമുണ്ടെന്നും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് പാപവും പാപ സാഹചര്യങ്ങളും ഉപേക്ഷിച്ച് വിശുദ്ധിയിൽ വളരണമെന്നുള്ള തിരിച്ചറിവാണ് നോമ്പിന്റെ കാതൽ. സ്വയം വിശുദ്ധീകരണം, അതിലൂടെ സഭയുടെ വിശുദ്ധീകരണം. പാപമോചനം കൂടാതെ വിശുദ്ധിയില്ലല്ലോ. അതിനാൽ തിരിച്ചറിവ് നമുക്ക് നല്കുന്ന പ്രചോദനമാണ് മാനസാന്തരം.

പിതാവിന്റെ ഭവനത്തിലെ ദാസന്മാരുടെ സുഭിക്ഷതയെക്കുറിച്ചുള്ള ഓർമ്മയും, പിതാവിൽ നിന്നകന്നുപോയ മകന്റെ ദാരിദ്ര്യാവസ്ഥയെക്കുറിച്ചുള്ള അറിവുമാണ് യഥാർത്ഥ തിരിച്ചറിവ്.

ഈ അറിവിലാണ് അനുതാപം നിറയുക. ദൈവം നമുക്ക് നല്കിയ നന്മകൾ എത്രയോ അധികമാണ്. എന്നാൽ തിരിച്ച് നൽകിയത് എന്താണ്? ദൈവാനുഗ്രങ്ങളെക്കുറിച്ച് ഓർക്കാനുള്ള അവസരമാണ് നോമ്പ്. ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് പ്രതിനന്ദി പ്രകാശിപ്പിച്ചിട്ടില്ല എന്ന ബോധ്യമാണ് മാനസാന്തരത്തിന്റെ വഴി.

25 വർഷമായി കുമ്പസാരവും കുർബാനയും കുടുംബപ്രാർത്ഥനയും ഇല്ലാതെ മദ്യത്തിനും മയക്കുമരുന്നിനും, പുകവലിക്കും അടിമയായ ഒരു മകനെ എനിക്കറിയാം. എനിക്ക് ഒരു കുഴപ്പവുമില്ല എന്ന് എപ്പോഴും പറഞ്ഞുനടന്നിരുന്നവൻ. പ്രാർത്ഥന, ദൈവം, പള്ളി എന്ന് കേൾക്കുമ്പോൾ തന്നെ ഭ്രാന്തുപിടിക്കുന്നവൻ. ഒരിക്കൽ ധ്യാനത്തിനു വന്ന ആ മകന്റെ മനസ്സ് നമ്മെ ആഴത്തിൽ സ്വാധീനിക്കും. "ഇന്നോളം ഞാൻ എന്റെ ദൈവത്തെ അറിഞ്ഞില്ല; അതിനാൽ എന്റെ പാപങ്ങളും" സത്യത്തിൽ ദൈവത്തെ ആഴത്തിൽ അറിയുന്നവനേ പാപബോധവും മാനസാന്തരവും ഉണ്ടാകൂ. ദൈവത്തെ തിരിച്ചറിയാത്തിടത്തോളം കാലം എനിക്ക് എന്നെത്തന്നെ തിരിച്ചറിയാനാവില്ല. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം പ്രാർത്ഥനയിലൂടെ ആഴപ്പെടുമ്പോഴാണ് അനുതാപവും മാനസാന്തരവും ഉണ്ടാകുക.

നോമ്പ് കാരുണ്യത്തിന്റെ നിറവാണ്

നോമ്പുകാലം ദൈവത്തിന്റെ കരുണ അനുഭവിച്ചറിയുവാൻ നമ്മെ സഹായിക്കുന്ന അവസരം മാത്രമല്ല, കാരുണ്യത്തിന്റെ പ്രവൃത്തികളിലൂടെ നമ്മിലെ ആസക്തികൾ വിട്ടുപോകുവാൻ നമ്മെ സജ്ജരാക്കുന്ന കാലം കൂടിയാണ്. അനാസക്തരാകുന്നതാണല്ലോ ആത്മീയത. പണത്തോടും, വസ്ത്രത്തോടും, ഭക്ഷണത്തോടും ആഡംബരങ്ങളോടും, അനാസക്തരാകണം. എന്നിട്ട് ഇല്ലാത്തവരുമായി പങ്കുവയ്ക്കണം.

9-ാം ക്ലസ്സിൽ പഠിക്കുന്ന ഒരു കുഞ്ഞ് അവൾക്ക് ബസ്സിനുപോകുവാൻ കൊടുത്ത പൈസ സമാഹരിച്ച് ആരോരുമില്ലാത്ത ഒരു അപ്പച്ചന് കൊടുത്ത കാര്യം ഓർമ്മ വരുന്നുണ്ട്. തനിക്ക് അനുഭവിക്കാമായിരുന്ന സൗകര്യത്തെ ബോധപൂർവ്വം വേണ്ടെന്ന് വച്ച് സഹോദരങ്ങളെ ഓർക്കുവാൻ കഴിയുന്നതാണ് കാരുണ്യം എന്ന് പറയുന്നത് എന്നെക്കാൾ വേദനയിലും, അസൗകര്യങ്ങളിലും കഴിയുന്നവരെക്കുറിച്ചുള്ള ചിന്തയും, ഒരേ ശരീരത്തിലെ ബലക്ഷയമുള്ള അവയവങ്ങളെ ശക്തിപ്പെടുത്തണമെന്നുള്ള ആഗ്രഹവുമാണ് കാരുണ്യത്തിന്റെ പിന്നിലെ ആത്മീയത. അതിനാൽ ഈ നോമ്പിൽ കൂടുതൽ കാരുണ്യത്തിന്റെ പ്രവൃത്തികൾ ചെയ്യുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

വിശ്വാസത്തിലും, സ്നേഹത്തിലും പ്രാർത്ഥനയിലും നമുക്ക് തീക്ഷ്ണതയുള്ളവരാകാം. നഷ്ടപ്പെട്ടുപോയ ആത്മീയ ചൈതന്യം നമുക്ക് വീണ്ടെടുക്കാം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നോമ്പിന്റെ അർത്ഥം പറഞ്ഞുകൊടുക്കാം. ഉപവാസത്തിലൂടെയും പരിത്യാഗങ്ങളിലൂടെയും മാറ്റിവയ്ക്കുന്ന സമ്പത്ത് ഇല്ലാത്തവനുമായി പങ്കുവയ്ക്കാം.

തീക്ഷ്ണതയോടെ കുടുംബപ്രാർത്ഥന ചൊല്ലിയും, അനുദിന ബലിയർപ്പണങ്ങളിൽ പങ്കുചേർന്നും, ലാളിത്യത്തിന്റേയും കരുണയുടെയും പ്രവൃത്തികളിൽ സജീവമായി പങ്കെടുത്തും, ആത്മശരീര വിശുദ്ധിക്കുവേണ്ടി നമുക്ക് പരിശ്രമിക്കാം. സഭയുടെ വിശുദ്ധീകരണത്തിലൂടെ അവൾ വീണ്ടും കൂടുതൽ ശക്തിയാർജ്ജിക്കട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം. ഏവർക്കും ഫലപ്രദമായ ഒരു നോമ്പുകാലം ആശംസിക്കുന്നു.

ബഥനിയിൽ

ഫോൺ : 0495-2276383, 9539535364

ഫെബ്രുവരി 2016

05	ജാഗരണപ്രാർത്ഥന, എകദിനകൺവെൻഷൻ
06	ഗർഭിണികൾക്കുള്ള പ്രാർത്ഥന
10 – 13	ദിവ്യകാരുണ്യ കൺവെൻഷൻ
19	ഏകദിന കൺവെൻഷൻ
21 – 26	ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം
26	ഏകദിന കൺവെൻഷൻ

എല്ലാ ആദ്യശനിയാഴ്ചകളിലും ഗർഭിണികൾക്കായുള്ള പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്.

മാർച്ച് 2016

04	ജാഗരണപ്രാർത്ഥന, എകദിനകൺവെൻഷൻ
05	ഗർഭിണികൾക്കായുള്ള പ്രാർത്ഥന
06 – 11	ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം
11	ഏകദിന കൺവെൻഷൻ
18	ഏകദിന കൺവെൻഷൻ
18 – 23	നോമ്പുകാലധ്യാനം

മക്കളില്ലാത്ത ദമ്പതികൾക്ക് വേണ്ടി
എല്ലാ ശനിയാഴ്ചയും വൈകിട്ട് 7 മണിക്ക് പ്രത്യേക പ്രാർത്ഥന, വി. കുർബ്ബാന, ജപമാലറാലി, സ്തുതി ആരാധന

ഏകദിന ശുശ്രൂഷകൾ

എന്റെ വയറിന്റെ ഒരു വശത്ത് ഒരു വർഷത്തോളമായി വേദന അനുഭവപ്പെട്ടിരുന്നു. ധാരാളം ഡോക്ടർമാരെ കാണിച്ചു. രോഗം കണ്ടുപിടിച്ചില്ല. എനിക്ക് വേദന കൂടിക്കൊണ്ടിരുന്നു. 15-01-2016ന് ഞാൻ ബഥാനിയായിൽ വന്ന് പ്രാർത്ഥിക്കുകയും, നേർച്ചഭക്ഷണം കഴിക്കുമ്പോൾ എന്റെ വയറിന്റെ വേദന മാറിയാൽ അടുത്ത ആഴ്ച സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും നേർന്നു. അന്നു മുതൽ ഇന്നുവരെ എനിക്ക് വേദന ഉണ്ടായില്ല. ദൈവത്തിന് ഒരായിരം നന്ദി.

സെലിൻ ബാബു

എന്റെ മകൾക്ക് നല്ലൊരു വിവാഹം നടക്കാനായി 9 വെള്ളിയാഴ്ച നിയോഗം വെച്ച് ബഥാനിയായിൽ വന്ന് പ്രാർത്ഥിച്ചു. തത്ഫലമായി മകളുടെ വിവാഹം മനോഹരമായി കർത്താവ് ക്രമീകരിച്ച് നൽകി. കർത്താവിന് ഒരായിരം നന്ദി.

റോസമ്മ കൂമ്പാറ

ബഥാനിയായിൽ വന്ന് നിയോഗം വെച്ച് അഖണ്ഡജപമാലയിലും, വി. കുർബ്ബാനയിലും അൽഫോൻസാമ്മയുടെ നൊവേനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ യൂട്രസ് ഓപ്പറേഷൻ ഭംഗിയായി നടക്കുകയും ബാക്കി ടെസ്റ്റുകളിൽ ഒരു പ്രശ്നവും ഇല്ലായെന്നു കാണുകയും ചെയ്തു. എന്നെ അനുഗ്രഹിച്ച ഈശോയ്ക്കും പരിശുദ്ധ അമ്മയ്ക്കും നന്ദി പറയുന്നു.

ജെസി

എന്റെ ഭർത്താവിന് ഹാർട്ടിന് ബ്ലോക്കും, പോസ്ട്രേറ്റിന് തകരാറുമുണ്ടായിരുന്നു. ബഥാനിയായിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഓപ്പറേഷൻ തകരാറൊന്നും കൂടാതെ നടക്കുകയും രോഗം പൂർണ്ണമായി സുഖപ്പെടുകയും ചെയ്തു. യേശുവെ നന്ദി, യേശുവെ സ്തുതി

ബ്രിജിത്ത് തിരുവമ്പാടി

എന്റെ ഭർത്താവിന് ഡെങ്കിപ്പനിമൂലം കൗണ്ട് കുറഞ്ഞുപോവുകയും 5 ദിവസം ഐ.സി.യുവിൽ കിടക്കുകയും ചെയ്തു. 6 പ്ലേറ്റ്ലൈറ്റ് കയറ്റിയിട്ടും കൗണ്ട് കൂടിയില്ല. ബഥാനിയായിൽ വന്ന് ജാഗരണ പ്രാർത്ഥനയിൽ പങ്കുചേരാമെന്നും സാക്ഷ്യം നൽകാമെന്നും പറഞ്ഞതിന്റെ ഫലമായി എന്റെ ഭർത്താവിന് സൗഖ്യം ലഭിച്ചു. യേശുവെ നന്ദി, യേശുവെ സ്തുതി.

സോണിയ മാർട്ടിൻ, കൂമ്പാറ

ബഥാനിയായിൽ വന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾക്ക് വിദേശത്ത് ജോലി ലഭിച്ചു. സ്ഥലം വിൽപന നടന്നു. കടബാധ്യത മാറിക്കിട്ടി. ദൈവമേ നന്ദി.

ജോയി പുന്നക്കൽ

എന്റെ ഭാര്യയുടെ ക്യാൻസർ മാറ്റികിട്ടുവാനായി ജാഗരണപ്രാർത്ഥനയിൽ പങ്കെടുത്തതിന്റെ ഫലമായി ക്യാൻസർ മാറിക്കിട്ടി. അതോടൊപ്പം എന്റെ കാലിൽ ഉണ്ടായിരുന്ന മുഴയും മാറി. ദൈവമേ നന്ദി.

ജോസ് കൂടത്തായ്

ദൈവാനുഗ്രഹസമ്പന്നമായ 101 ദിനരാത്രങ്ങളിലെ അഖണ്ഡജപമാലയിൽ ഞാനും എന്റെ കുടുംബവും പങ്കുചേർന്നു. ഞാൻ ബഥാനിയായിലെ അമ്മയോട് ഒരുനിയോഗം പറഞ്ഞിരുന്നു. തൊണ്ടയിൽ തൈറോയ്ഡ് എന്ന രോഗം ബാധിച്ചിട്ട് 24 വർഷമായിരുന്നു. ചികിത്സകൾ നടത്തുന്നുണ്ടെങ്കിലും ഒട്ടനവധിബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ഓപ്പറേഷൻ നടത്താൻപോലും സാധിക്കാത്ത അവസ്ഥയിലുമായിരുന്നു. അതിനൊരു സൗഖ്യത്തിനായി പ്രാർത്ഥിച്ചു. എന്നാലാവുംവിധം അഖണ്ഡജപമാലയെക്കുറിച്ച് പ്രചരിപ്പിക്കുകയും, ബഥാനിയായിലേയ്ക്ക് വരുന്നതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇവിടെ നടന്ന ജപമാലയിൽ പകുതിയിലധികം ദിവസങ്ങളിലും പങ്കെടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി പിന്നീട് നടത്തിയ എല്ലാ ടെസ്റ്റുകളും നോർമലാണെന്ന് അറിയുകയും നവംബർ 23-ാം തിയ്യതി കുഴപ്പം കൂടാതെ സർജ്ജറി വിജയകരമായി. പിന്നീട് കഴുത്തിൽ നിന്നെടുത്ത മുഴയിൽ ക്യാൻസർ ഉണ്ടായിരുന്നുവെന്ന് ബയോക്സി റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞു. ഉടൻ അടിയന്തിര ചികിത്സയ്ക്ക് വിധേയമാകണമെന്നും ബാക്കിവരുന്ന അണുക്കളെ റേഡിയഷനിലൂടെ നീക്കം ചെയ്യണമെന്നും ഡോക്ടർ അറിയിച്ചു. സ്കാനിംഗിന് കയറിക്കിടക്കുമ്പോൾ ഞാൻ കർത്താവിനോട് പറഞ്ഞു. ഈ സ്കാൻ റിപ്പോർട്ട് വിജയകരമായില്ലെങ്കിൽ ഇതോടെ എന്റെ ബഥാനിയായിലേയ്ക്കുള്ള യാത്ര അവസാനിക്കും. വിജയിച്ചാൽ അനേകർക്ക് ദൈവനാമ മഹത്വത്തിനായ് സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന്. റിസൽട്ട് കൈയിൽ വന്നപ്പോൾ ക്യാൻസറിന്റെ ഒരംശംപോലും എന്റെ ശരീരത്ത് തൊട്ടിട്ടില്ലായെന്നും ഒരു ട്രീറ്റ്മെന്റും വേണ്ടായെന്നും അറിയിച്ചു. ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ.

റോസമ്മ കോടഞ്ചേരി

കരുണയുടെ വർഷത്തോടനുബന്ധിച്ച് എല്ലാ ദിവസങ്ങളിലും രാവിലെ 6 മണിക്കും 12 മണിക്കും വൈകുന്നേരം 7 മണിക്കും വിശുദ്ധ കുർബ്ബാനയും കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

Night Vigil

ജാഗരണ പ്രാർത്ഥന

എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും

ജപമാല, വചനപ്രഘോഷണം, സാക്ഷ്യങ്ങൾ, സൗഖ്യാരാധന, വി. കുർബാന

നിയോഗം : പരീക്ഷകൾക്ക് ഒരുങ്ങുന്നവർക്കുവേണ്ടി

2016
മാർച്ച് 4 വെള്ളി
06.30 pm to
01.00 am

കുരിശിന്റെ വഴി

വലിയ നോമ്പിനോടനുബന്ധിച്ച് എല്ലാ ദിവസങ്ങളിലും രാവിലെയും, ഉച്ചയ്ക്കും, വൈകുന്നേരവും വിശുദ്ധ കുർബാനയും, കുമ്പസാരത്തിനുള്ള സൗകര്യവും കുരിശിന്റെവഴിയും ഉണ്ടായിരിക്കുന്നതാണ്. കരുണയുടെ വർഷത്തിൽ കർത്താവിന്റെ കാരുണ്യം പൂർണ്ണമായി സ്വന്തമാക്കുവാൻ ഈ നോമ്പുകാലം ത്യാഗത്തിന്റെയും സ്നേഹത്തിന്റേതുമായിരിക്കട്ടെ.

06.00 am : വി. കുർബാന, കുരിശിന്റെവഴി
11.30 am : കുരിശിന്റെവഴി (ദേവാലയത്തിൽ)
12.00 : വി. കുർബാന
06.30 pm : കുരിശിന്റെവഴി, വി. കുർബാന

ആന്തരികസൗഖ്യ ദൈവാനുഭവ ധ്യാനം

ഞാൻ സാക്ഷ്യം പറയാൻ വന്നതാണ്. എന്നാൽ ഈശോയുടെ സാക്ഷിയാകുവാനുള്ള ധൈര്യം കിട്ടി. ബൈബിൾ ആഴത്തിൽ പഠിക്കുവാൻ സാധിച്ചു. ഉച്ചത്തിൽ സ്തുതിക്കുവാനും, പ്രാർത്ഥിക്കുവാനും ബൈബിൾ വായിക്കുവാനും കൃപ ലഭിച്ചു. ഇനി കുറെപ്പേരെ ധ്യാനത്തിന് പറഞ്ഞുവിടാനുള്ള ആഗ്രഹം മനസ്സിൽ തോന്നി.

ബിബിൻ കോലക്കൽ, മഞ്ചേരി

ധ്യാനത്തന്റെ ആദ്യദിവസങ്ങളിൽ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും സാധിച്ചിരുന്നില്ല. എന്നാൽ കുമ്പസാരത്തിന് ശേഷം എല്ലാവരോടും ക്ഷമിക്കുവാൻ സാധിച്ചപ്പോൾ സങ്കടവും ഭാരവുമെല്ലാം ഈശോ എടുത്ത്മാറ്റി എന്നെ അനുഗ്രഹിച്ചു. മറ്റെവിടെയും ഇല്ലാത്ത ബന്ധന പ്രാർത്ഥനയാൽ ഒരു പാട് വിടുതൽ ലഭിച്ചു.

മോളി പോൾ, വാളനാക്കുഴിയിൽ

വളരെ സ്വസ്ഥതയോടും സമാധാനത്തോടും കൂടി ധ്യാനിക്കാൻ കഴിഞ്ഞു. കാലാവസ്ഥയിൽ മാറ്റങ്ങൾ വന്നാലുടനെതന്നെ ജലദോഷം അനുഭവപ്പെട്ടിരുന്ന എനിക്ക് ഇവിടെ വന്നിട്ട് യാതൊരു കുഴപ്പവും ഉണ്ടായില്ല. ത്യാഗപൂർവ്വം പ്രാർത്ഥിക്കാനുള്ള കൃപയും ഈ ധ്യാനത്തിലൂടെ ലഭിച്ചു.

മോളി മാത്യു

എനിക്ക് ഈ ധ്യാനം വലിയ ഒരു അനുഗ്രഹമായിരുന്നു. ഒത്തിരി അസ്വസ്ഥതകളിൽ നിന്നും നിരാശയിൽ നിന്നും മോചനം ലഭിച്ചു. ബൈബിൾ കൂടുതലായി വായിക്കാൻ കഴിഞ്ഞു. ബൈബിൾ വായിക്കാത്ത ഒരു ദിവസം പോലും എന്റെ ജീവിതത്തിലുണ്ടാകില്ല എന്നു തീരുമാനിച്ചു. ദൈവം എത്ര കുഞ്ഞുങ്ങളെ നല്കിയാലും സ്വീകരിക്കാനുള്ള തുറവി ലഭിച്ചു.

പ്രിയങ്ക മൈക്കിൾ, പാല

കൂദാശകളെക്കുറിച്ച് കൂടുതൽ ആഴമായ ബോധ്യം എനിക്ക് ഈ ധ്യാനത്തിലൂടെ ലഭിച്ചു. ജീവിതത്തിൽ പാഴാക്കികളഞ്ഞ സമയത്തെക്കുറിച്ചും ജീവിതരീതിയിലെ പിഴവുകളെക്കുറിച്ചും അനുതപിക്കാനും മാറ്റംവരുത്തുവാനും കഴിഞ്ഞു.

അമൽ വിജു, വടക്കേടത്ത്

ക്ഷമിക്കുവാനുള്ള വലിയ കൃപ ഈ ധ്യാനത്തിലൂടെ ലഭിച്ചു. വേദനിപ്പിച്ച വ്യക്തിയെ സഹായിക്കുവാനുള്ള തുറവിയും ദൈവം എനിക്കു നല്കി. നല്ലൊരു കുടുംബജീവിതം നയിക്കാനും ദൈവത്തിനും ദൈവരാജ്യത്തിനുമുതകുന്ന രീതിയിൽ കുടുംബജീവിതത്തെ ക്രമീകരിക്കാനും തീരുമാനിച്ചു. ദൈവത്തിനൊരായിരം നന്ദി.

രാജു തോമസ്, സൗത്ത് ആഫ്രിക്ക

താമരശ്ശേരി രൂപതയുടെ 16-ാമത് ബൈബിൾ കൺവെൻഷൻ

ബഥാനിയ – 2016

(ദിവ്യകാരുണ്യ ബൈബിൾ കൺവെൻഷൻ)

2016 ഫെബ്രുവരി 10, 11, 12, 13 (ബുധൻ, വ്യാഴം, വെള്ളി, ശനി) തിയ്യതികളിൽ

വൈകുന്നേരം 4.30 മുതൽ 9.00 മണി വരെ

നയിക്കുന്നത് : റവ. ഡോ. സിബി പുളിക്കൽ & ബഥാനിയ ടീം

✯ എല്ലാദിവസവും കുമ്പസാരത്തിന് സൗകര്യം ✯ അവസാന ദിവസം സഭയുടെ ഔദ്യോഗികമായ ഭൂതോച്ചാടന പ്രാർത്ഥന, പൂർണ്ണ ദണ്ഡവിമോചന പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കുന്നതാണ്.

✯ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് : ഫോൺ : 9539535364, 0495 2276383

Puthenpurackal Printers, Thiruvambady Ph : 2252115